# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം 944 — 11.06.2014 ലെ മറുപടിക്ക്

### റെസ്പോൺസിബിൾ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. എ.പി.അനിൽകുമാർ<br>(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) റെസ്പോൺസിബിൾ ടൂറിസം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ; | എ) ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശീയർക്ക് ലഭ്യമാക്കാനും ദോഷഫലങ്ങൾ പരമാവധി കുറയ്ക്കാനും ലക്ഷ്യമിടുന്ന പദ്ധതിയാണ് ഉത്തരവാദിത്ത ടൂറിസം. തദ്ദേശീയർക്ക് മെച്ചപ്പെട്ട രീതിയിൽ ജീവിക്കാനും സഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാകുംവിധവും ടൂറിസം കേന്ദ്രങ്ങളെ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതി സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക മേഖലകളെ കേന്ദ്രീകരിച്ചാണ് നടപ്പാക്കുന്നത്. തദ്ദേശീയർക്ക് തൊഴിൽ, കാര്യശേഷി വികസനം, ടൂറിസം ഉൽപ്പന്ന വികസനം, ഗ്രാമീണ പാക്കേജുകൾ പാരിസ്ഥിതിക, സാംസ്കാരിക, പൈതൃക സംരക്ഷണം തുടങ്ങിയവയും ഇതിന്റെ ഭാഗമായി നടപ്പാക്കിവരുന്നു. |
| ബി) പദ്ധതി നടത്തിപ്പിന് ദേശീയ-അന്താരാഷ്ട്ര തലത്തിൽ എന്തെല്ലാം നേട്ടങ്ങളും അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) പ്രസ്തുത പദ്ധതിനടത്തിപ്പിന് ദേശീയ - അന്താരാഷ്ട്ര തലത്തിൽ നിരവധി അംഗീകാരങ്ങൾ ടൂറിസം വകുപ്പിന് ലഭിച്ചിട്ടുണ്ട്.<br>1. ദേശീയ അവാർഡ് 2007-08 (മികച്ച ഉത്തരവാദിത്ത ടൂറിസം പദ്ധതി)<br>2. ദേശീയ അവാർഡ് 2008-09 (മികച്ച ഉത്തരവാദിത്ത ടൂറിസം പദ്ധതി - കുമരകം ഉത്തരവാദിത്ത ടൂറിസം പദ്ധതി) |

(..........2)

3. PATA ഗ്രാന്റ് അവാർഡ് 2011 (പരിസ്ഥിതി, കുമരകം ഡെസ്റ്റിനേഷൻ)

4. ദേശീയ അവാർഡ് 2011-12 (മികച്ച ഗ്രാമീണ ടൂറിസം പദ്ധതി, കുമരകം ഗ്രാമീണ ടൂറിസം പദ്ധതി)
5. UNWTO യുളീസസ് അവാർഡ് 2013 (ഇന്നൊവേഷൻ ഇൻ പബ്ലിക് പോളിസി ആന്റ് ഗവേണൻസ് വിഭാഗത്തിൽ - കുമരകത്തെ ഉത്തരവാദിത്ത ടൂറിസം പദ്ധതി)
6. ദേശീയ അവാർഡ് 2012-13 (ടൂറിസം കേന്ദ്രങ്ങളിലെ മികച്ച സിവിക് മാനേജ്മെന്റ് - കുമരകം ഗ്രാമ പഞ്ചായത്തിന്)

സി) അംഗീകാരങ്ങൾ ലഭിക്കുവാൻ ഭരണതലത്തിൽ നടപടികൾ വിശദമാക്കുമോ;

സി) അവാർഡിന് അപേക്ഷിക്കുന്നതിന് മുന്നോടിയായി, കിറ്റ്സ് തയ്യാറാക്കിയ കുമരകം മോണോഗ്രാഫ് UNWTO സെക്രട്ടറി ജനറലിന് നൽകി. അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിച്ചുകൊണ്ട് ഉത്തരവാദിത്ത ടൂറിസം പദ്ധതിയിലൂടെ കുമരകത്തും കേരളത്തിലും നടത്തിയ പ്രവർത്തനങ്ങൾ ലോകശ്രദ്ധയിൽ കൊണ്ടുവന്നു. വസ്തുതകൾ നേരിൽ കണ്ട് മനസ്സിലാക്കുന്നതിനായി UNWTO പ്രതിനിധികൾ രണ്ടു തവണ കുമരകം സന്ദർശിക്കുകയുമുണ്ടായി.

ഡി) ടൂറിസം മേഖലയിലെ മറ്റു പദ്ധതികൾക്ക് ഇതേ രീതിയിൽ അംഗീകാരങ്ങൾ ലഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഡി) ദേശീയ അന്തർദേശീയ അവാർഡുകൾക്കായി കാലാകാലങ്ങളിൽ ടൂറിസം വകുപ്പ് അപേക്ഷിക്കുകയും വിവിധ പദ്ധതികൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ വിശദമാക്കുന്ന രേഖകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അന്താരാഷ്ട്ര തലത്തിലും ദേശീയതലത്തിലും ഈ രേഖകളുടെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പിന് വിവിധ ബഹുമതികൾ ലഭിച്ചു.

സെക്ഷൻ ഓഫീസർ